അയിരൂർ എം.ജി.എം മോഡൽ സ്കൂൾ സ്പോർട്സ് മീറ്റ്

വർക്കല: അയിരൂർ എം.ജി.എം മോഡൽ സ്കൂളിൽ ആനവൽ സ്പോർട്സ് മീറ്റിന്റെ ഉദ്ഘാടനം കോഴിക്കോട് ഗവ.കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ മുൻ പ്രിൻസിപ്പൽ ഡോ. ആർ.ബിനോയി ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ എസ്.പൂജ അദ്ധ്യക്ഷത വഹിച്ചു. ട്രസ്റ്റ് സെക്രട്ടറി ഡോ. പി.കെ.സുകുമാരൻ, പിടിഎ വൈസ് പ്രസിഡന്റ് ഹരിദേവ്, അക്കാഡമിക് ഡയറക്ടർ ശശികല, വൈസ് പ്രിൻസിപ്പൽ മീര, കുമാരി ദുനിയ വിനോദ് എന്നിവർ സംസാരിച്ചു.

www.keralakaumudi.com | www.facebook.com/keralakaumudidaily

കിഴുവിലം പഞ്ചായത്തിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നു

കിഴുവിലം ഗ്രാമപഞ്ചായത്തിൽ സി.സി.ടി.വി കാമറകൾ സ്ഥാപിക്കുന്നതിന്റെ കാൽനാട്ട് കർമ്മം പുളിമൂട് ജംഗ്ഷനിൽ ആറ്റിങ്ങൽ ഡി.വൈ.എസ്.പി അനിൽകുമാർ നിർവഹിക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. അൻസാർ, സാംബശിവൻ, വി. ബാബു, ജി. സന്തോഷ്കുമാർ തുടങ്ങിയവർ സമീപം

മുടപുരം: കിഴുവിലം ഗ്രാമപഞ്ചായത്ത് പൊതുജന പങ്കാളിത്തത്തോടെ പഞ്ചായത്തിലെ 20 വാർഡുകളിലും സി.സി.ടി.വി കാമറകൾ സ്ഥാപിക്കുന്നു. ഇതിന്റെ കാൽനാട്ട് കർമ്മം പുളിമൂട് ജംഗ്ഷനിൽ ആറ്റിങ്ങൽ ഡി.വൈ.എസ്.പി അനിൽകുമാർ നിർവഹിച്ചു. പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പ്രദേശത്ത് നൂറ് കാമറകൾ സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഇതിന്റെ ആദ്യ ഘട്ടമായി 19 കിലോമീറ്ററോളം ദൂരത്തിൽ 60 കാമറകൾ സ്ഥാപിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. അൻസാർ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് താരാതങ്കൻ, അംഗങ്ങളായ സാംബശിവൻ, സുജാത, ശ്രീലത, ശ്യാമള അമ്മ, പഞ്ചായത്ത് സെക്രട്ടറി ബാലാനന്ദൻ, സൂപ്രണ്ട് വിനോദ്, ജനകീയ കമ്മിറ്റി ഭാരവാഹികളായ വി. ബാബു, ജെ. ശശി, ജി. സന്തോഷ് കുമാർ, റിട്ട. ഡി.വൈ.എസ്.പി ഗോപിനാഥൻ, മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജയദേവൻ തുടങ്ങിയവർ പങ്കെടുത്തു. പദ്ധതിക്കായി 20 ലക്ഷത്തോളം രൂപ ചെലവ് വരും. 10 ലക്ഷത്തോളം രൂപ സ്വരൂപിച്ചിട്ടുണ്ട്.

പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ചിറയിൻകീഴ് എസ്.ഐ കൺവീനറുമായി ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരികയാണെന്നും ഒന്നര മാസത്തിനകം ആദ്യഘട്ടത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നും എ. അൻസാർ പറഞ്ഞു.

കലാകായിക മേളകളിൽ വിജയികളായ വിദ്യാർത്ഥികളെ അനുമോദിച്ചു

വർക്കല: ശിവഗിരി ഹയർസെക്കൻഡറി സ്കൂളിൽ നിന്നും സംസ്ഥാനതല സ്കൂൾ കലാകായിക മേളകളിൽ പങ്കെടുത്ത് വിജയികളായ വിദ്യാർത്ഥികളെ സ്കൂൾ മാനേജർ സ്വാമി വിശാലാനന്ദയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അനുമോദിച്ചു.

പി.ടി.എ പ്രസിഡന്റ് ഷാബു ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ബി.റോയി, ഹെഡ്മിസ്ട്രസ് എസ്.പ്രസന്നകുമാരി എന്നിവർ സംസാരിച്ചു.

ശിവഗിരി ഹയർസെക്കൻഡറി സ്കൂളിൽ നിന്നും സംസ്ഥാനതല സ്കൂൾ കലാകായിക മേളകളിൽ പങ്കെടുത്ത് വിജയികളായ വിദ്യാർത്ഥികൾ സ്കൂൾ മാനേജർ സ്വാമി വിശാലാനന്ദ, പ്രിൻസിപ്പൽ ബി.റോയി, ഹെഡ്മിസ്ട്രസ് എസ്.പ്രസന്നകുമാരി, പി.ടി.എ പ്രസിഡന്റ് ഷാബു എന്നിവർക്കൊപ്പം

ഏരിയ കൺവൻഷൻ

നെടുമങ്ങാട്: ചുമട്ട തൊഴിലാളി യൂണിയൻ (സി.ഐ.ടി.യു) നെടുമങ്ങാട് ഏരിയ കൺവൻഷൻ യൂണിയൻ സംസ്ഥാന കമ്മിറ്റിഅംഗം എം.സുന്ദരൻ പിള്ള ഉദ്ഘാടനം ചെയ്തു. ജനുവരി എട്ട്, ഒമ്പത് തീയതികളിലെ ദേശീയ പണിമുടക്ക് വിജയിപ്പിക്കാൻ തീരുമാനിച്ചു. അരുവിക്കര വിശ്വംഭരന്റെ അദ്ധ്യക്ഷതയിൽ കെ.എ. അസീസ് സ്വാഗതം പറഞ്ഞു. എസ്.ആർ.ഷൈൻലാൽ, ടി.പദ്മകുമാർ, ജോ മണി തുടങ്ങിയവർ പ്രസംഗിച്ചു.

പുതുശ്ശേരിമുക്കിൽ 50 ഗ്രാം കഞ്ചാവ് പിടികൂടി

കല്ലമ്പലം: സ്കൂട്ടറിന്റെ സീറ്റിനടിയിൽ ഒളിപ്പിച്ച കടത്താൻ ശ്രമിച്ച 50 ഗ്രാം കഞ്ചാവ് എക്സൈസ് സർക്കിളിന്റെ ഇൻസ്പെക്ടർ രാജേഷിന്റെ നേതൃത്വത്തിൽ പിടികൂടി.

ഉദ്യാഗസ്ഥർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പുതുശ്ശേരിമുക്കിൽ വച്ച് വൈകിട്ട് 5 മണിയോടെയാണ് കഞ്ചാവ് പിടികൂടിയത്. മുഖ്യ പ്രതി കടുവാപള്ളി സ്വദേശി സൈഫുദ്ദീൻ ഓടി രക്ഷപ്പെട്ടു. ഇയാൾക്കായി തെരച്ചിൽ ഊർജിതപ്പെടുത്തി. പ്രദേശത്ത് ചെറിയ പൊതികളിലാക്കി കഞ്ചാവ് വില്പന നടത്തുന്ന ആളാണ് സൈഫുദ്ദീനെന്ന് ഉദ്യാഗസ്ഥർ അറിയിച്ചു. ഇയാളിൽ നിന്നും കഞ്ചാവ് വാങ്ങാനെത്തിയ രണ്ടുപേരെ പിടികൂടിയെങ്കിലും ചോദ്യംചെയ്ത ശേഷം വിട്ടയച്ചു.

പുതുശ്ശേരിമുക്ക്, കോട്ടറക്കോണം കേന്ദ്രീകരിച്ച് കഞ്ചാവും മയക്കുമരുന്നും വില്പനയും വ്യാപകമെന്ന് അടുത്തിടെ കേരള കൗമുദിയിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് പ്രദേശം എക്സൈസിന്റെ നിരീക്ഷണത്തിലായിരുന്നു. സൈഫുദ്ദീന് മൊത്തമായി വില്പനയ്ക്ക് കഞ്ചാവ് എത്തിക്കുന്ന കൊല്ലം കേന്ദ്രീകരിച്ചുള്ള സംഘത്തെ കുറിച്ചും എക്സൈസിന് സൂചന ലഭിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

സർക്കിൾ ഇൻസ്പെക്ടർ രാജേഷ്, പ്രിവന്റീവ് ഓഫീസർ ബിനു താജുദ്ദീൻ, സിവിൽ എക്സൈസ് ഓഫീസർമാരായ രാധാകൃഷ്ണപിള്ള, വിനു എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

കേരളത്തിലെ ബി. ജെ. പി പ്രവർത്തകർ ഊർജ്ജം പകരുന്നു: നരേന്ദ്ര മോദി

ആറ്റിങ്ങൽ: കേരളത്തിലെ ബി.ജെ.പി പ്രവർത്തകർ തനിക്ക് ഊർജ്ജം പകരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

'എന്റെ ബൂത്ത് ഏറ്റവും ശക്തം' എന്ന വിഷയത്തിൽ നമോ ആപ്പിലൂടെ ആറ്റിങ്ങൽ പാർലമെന്റിലെ ബൂത്തുതല പ്രവർത്തകരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ശിവഗിരി സന്ദർശനഭാഗ്യത്തെക്കുറിച്ചും ശ്രീനാരായണഗുരുവിനെ അനുസ്മരിച്ചുമാണ് മോദി മറുപടി ആരംഭിച്ചത്. കേന്ദ്രം കേരളത്തിന് നൽകിയ പദ്ധതികളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. കേന്ദ്രത്തിന് കേരളത്തോട് ചിറ്റമ്മനയമില്ലെന്നും പ്രളയകാലത്ത് കേന്ദ്രം കേരളത്തിനൊപ്പമായിരുന്നത് ജനം കണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

ആറ്റിങ്ങൽ ദ്വാരക ഓഡിറ്റോറിയത്തിൽ നടന്ന സംവാദം ഒരുമണിക്കൂറോളം നീണ്ടു. 1500 ബൂത്ത് ഭാരവാഹികൾ പങ്കെടുത്തു. പാർലമെന്റ് തിരഞ്ഞെടുപ്പിൽ പ്രവർത്തകർ എങ്ങനെ സജ്ജമാകണമെന്ന് അദ്ദേഹം നിർദ്ദേശം നൽകി. ബി.ജെ.പി ജില്ലാ പ്രസിഡന്റ് അഡ്വ. സുരേഷ്, ആറ്റിങ്ങൽ ലോക്സഭമണ്ഡലത്തിന്റെ ചുമതലയുള്ള അഡ്വ. സുധീർ, ദക്ഷിണമേഖലാ ഉപാദ്ധ്യക്ഷൻ തോട്ടയ്ക്കാട് ശശി, ദക്ഷിണമേഖലാ സെക്രട്ടറിയും പാർലമെന്റ് കൺവീനറുമായ ചെമ്പഴന്തി ഉദയൻ, ജില്ലാ ജനറൽ സെക്രട്ടറി ബിജു വി. നായർ, വൈസ് പ്രസിഡന്റ് മുക്കംപാലമൂട് ബിജു, സംസ്ഥാന കൗൺസിൽ അംഗം ഇലകമൺ സതീശൻ തുടങ്ങിയവർ പങ്കെടുത്തു.

നമോ ആപ്പിലൂടെ ആറ്റിങ്ങൽ മണ്ഡലത്തിലെ നേതാക്കളോടും പ്രവർത്തകരോടും പ്രധാനമന്ത്രി നരേന്ദ്രമോദി ആശയവിനിമയം നടത്തുന്നു

ആറ്റിങ്ങൽ മണ്ഡലത്തിലെ പെൻഷൻ വിതരണം വക്കം പഞ്ചായത്തിൽ അഡ്വ. ബി.സത്യൻ എം.എൽ.എ നിർവഹിക്കുന്നു.

ക്രിസ്മസ് - പുതുവത്സര സമ്മാനമായി സർക്കാരിന്റെ പെൻഷൻ വിതരണം

ആറ്റിങ്ങൽ: ക്രിസ്മസ് - പുതുവത്സര സമ്മാനമായി സർക്കാരിന്റെ പെൻഷൻ വിതരണം ആറ്റിങ്ങൽ മണ്ഡലത്തിൽ വക്കം പഞ്ചായത്തിൽ ആരംഭിച്ചു. അഡ്വ. ബി സത്യൻ എം എൽ എ ഉദ്ഘാടനം ചെയ്തു. വക്കം കാനാംകുളം സാദിക്കിന് 6000 രൂപയും, മേത്തൻവിളാകം നൂസൈഫ ബീവിക്ക് 4400 രൂപയും വക്കം ഫാർമേഴ്സ് ബാങ്ക് വഴി പെൻഷൻ വിട്ടിലെത്തിച്ചു. സി.പി. എം ലോക്കൽ സെക്രട്ടറി അജയകുമാർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് നൂട്ടൺ അക്ബർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാർ ബി. നൗഷാദ്, മുൻ വൈസ് പ്രസിഡന്റ് സലീം, വിജയൻ, റസൽ എന്നിവർ പങ്കെടുത്തു.

കിഴുവിലം റസിഡന്റ്സ് സഹകരണ സംഘം വാർഷിക പൊതുയോഗം

മുടപുരം: കിഴുവിലം റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘത്തിന്റെ വാർഷിക പൊതുയോഗം കൂന്തള്ളൂർ ഗവ.എൽ.പി. സ്കൂളിൽ കിഴുവിലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. അൻസാർ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് പി. കെ. ഉദയഭാനു അദ്ധ്യക്ഷത വഹിച്ചു.

കവി രാധാകൃഷ്ണൻ കുന്നുംപുറം ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് അവാർഡുകൾ വിതരണം ചെയ്തു. കിഴുവിലം സർവീസ് സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് ജെ.ശശി സംസാരിച്ചു. ഭരണസമിതി അംഗം സി.കെ. രാമചന്ദ്രൻ പിള്ള അനുശോചനം പ്രമേയം അവതരിപ്പിച്ചു.

വൈസ് പ്രസിഡന്റ് എസ്. ചന്ദ്രാനനൻ സ്വാഗതവും ഭരണ സമിതി അംഗം ജി.സത്യദേവൻ നന്ദിയും പറഞ്ഞു. ഭരണ സമിതി അംഗങ്ങളായ എ. ബഷീർ, ചന്ദ്രൻ, എ. ഷാനവാസ്, ബി. ദേവരാജൻ, കെ. സതി, ഷീജ സുധീശൻ, സെക്രട്ടറി അബി മോൾ എന്നിവർ പങ്കെടുത്തു.

കിഴവിലം റസിഡൻസ് വെൽഫെയർ സഹകരണ സംഘത്തിന്റെ വാർഷിക പൊതുയോഗം കിഴവിലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. അൻസാർ ഉദ്ഘാടനം ചെയ്യുന്നു. കവി രാധാകൃഷ്ണൻ കുന്നുംപുറം, സംഘം പ്രസിഡന്റ് പി.കെ. ഉദയഭാനു, സെക്രട്ടറി അബി മോൾ, ഭരണസമിതി അംഗം ജി. സത്യദേവൻ എന്നിവർ സമീപം

സിനിമ

■ന്യൂ (2323244) :: ■SCREEN 1 - ഒടിയൻ (M- 7.30am, 11.15am, 2.30, 6.30, 9.05)
■SCREEN 2 -
■SCREEN 3 -
■ശ്രീകുമാർ (2331222) :: ഒടിയൻ (M- 7.30am, 2.30, 6.30, 9.45)
■ശ്രീവിശാഖ് (2331222) :: കായംകുളം കൊച്ചുണ്ണി (M- 11.15), 2.0 (T-2.30), ഒടിയൻ (M-7.00 pm, 10.00),
■ശ്രീപത്മനാഭ (2473999) :: 2.0 2D (T- 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: 2.0 2D (T- 11.00, 6.00, 9.30) SARKAR (T- 2.30)
■അജന്ത (2472825) :: ഒടിയൻ (M-5.00am, 8.00am, 11.00am, 2.00pm, 6.00, 9.00)
■കൃപ :: ഒടിയൻ (M-5.00am, 8.30am, 12.00 pm, 3.30, 7.00, 10.30)
2.0 3D (T- 11.45, 6.30), AQUAMAN 3D (E-3.00, 10.00)
■കലാഭവൻ :: SPIDERMAN (3D) (E - 11.30, 2.30, 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: JOSEPH (M- 11.15, 2.30, 6.15, 9.30)
■ശ്രീ (2332747) :: NERVARENNUMMANI CHERINJUTTAH (M- 11.15), Tuppakki Munnai (T-2.30, 6.15, 9.30)
■നിള (2332747) :: JOHNNY (T- 11.00, 2.30) ORU KUPRASIDHA PAYYAN (M-6.15) KHARAM (M-9.30)
■ധന്യ (2476773) :: ODIYAN (M- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: AQUAMAN 3D (E- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1 - ഒടിയൻ (M-5.00am, 8.45, 12.30, 4.15, 8.00, 11.45)
■Audi 2 - ഒടിയൻ (M-11.00, 1.20, 4.20, 7.45, 10.00)
■Audi 3 - FENTASTIC BEASTS (E- 2D - 11.00) KEDARNATH (H-2D - 3.00 pm) THE POSSESSION OF HANNAH GRACE (E 2D -7.15 pm) വരത്തൻ (M- 10.00)
■Audi 4 - JOHNNY (T- 11.15, 6.30, 10.15) CREED 2 (E- 2.45)
■Audi 5 - AQUAMAN D3 (E- 10.30, 1.30, 7.30, 10.30), SPIDERMAN 3D (E-4.45)
■Audi 6 - JOSEPH (M-11.00, 2.00, 6.45, 10.00)
■കാർണിവൽ സിനിമാസ് (മാൾ ഓഫ് ട്രാവൻകൂർ)
96 (T-10.00 am, 10.30am, 4.00am, 7.10pm, 10.20pm) ആനക്കള്ളൻ (M- 1.00 pm) BAAZAAR (H- 1.45pm) BADHAAI HO (H- 7.00pm) ഡാകിനി (M- 1.00pm) ഫ്രഞ്ച് വിപ്ലവം (M- 12.50pm, 9.30 pm) GOOSE BUMPS-2 HAUNT (E- 1.00pm, 4.45pm) HALLOWEEN (E- 3.20pm, 10.20pm) HELLO GURU PREMA KOSAME (Telugu- 6.00 pm) JOHNY JOHNY YES PAPA (M- 10.00am, 4.00pm, 7.00pm, 10.00pm) കായംകുളം കൊച്ചുണ്ണി (M -9.45am, 12.55pm, 4.10pm, 6.00pm, 7.25pm, 9.45pm, 10.45pm) KOODASHA (M- 10.15am) നോൺസെൻസ് (M- 4.00pm) പടയോട്ടം (M-7.00 am) PARIYERUM PERUMAL (T-9.45pm) രാക്ഷസൻ (T- 12.40pm, 7.00pm, 10.00pm) തീവണ്ടി (M- 10.00pm) VADA CHENNAI (T- 3.40pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: ഒടിയൻ (M- 11.15, 2.30, 6.15, 9.30)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: ഒടിയൻ (M- 11.15, 2.30, 6.00, 9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : കായംകുളം കൊച്ചുണ്ണി (M- 11.15, 2.30, 6.15, 9.30)
■screen 2 : 96 (T- 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: ഒടിയൻ (M -11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: JOSEPH (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ യമുന (2629973) :: ലഡു (M - 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ഒടിയൻ (M- 4 show)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: ഒടിയൻ (M- 4 show)
■ആറ്റിങ്ങൽ തപസ്യ (3291113) :: SPIDERMAN 3D (E- 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: JOHNNY (T- 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (0470 2602339) :: ഒടിയൻ (M- 10.00, 1.30, 5.00, 8.30, 10.30)
■വർക്കല വിമല (9895233785) :: പവിയേട്ടന്റെ മധുര ചൂരൽ (M- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: ഒടിയൻ (M- 11.00, 2.30, 6.15, 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: ഒടിയൻ (M- 11.00, 2.30, 6.00, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: JOHNY (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : ഒടിയൻ (M- 8.00am, 11.15, 2.30, 6.00, 9.30)
■screen 2 : AQUAMAN 3D (E- 11.00, 2.15, 9.30) 2.0 3D (T- 6.00)
■പെരിങ്ങമ്മല അശ്വതി (2400394) :: JOHNY YES APPA (M- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1 - ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2 - ഇബിലീസ് (M- 11.00, 2.30, 6.15, 9.30)
■Audi 3 - KARWAAN (H- 11.00, 2.30, 6.15, 9.30)
■Audi 4 - കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5 - JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M- 2.30, 6.15) അച്ചം എമ്പത് മടമയ്യെട (T- 11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണ തത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1 - AQUAMAN 3D (E- 11.15, 2.30, 6.15, 9.30)
■Tela 2 - SPIDERMAN 3D (E- 11.00, 2.15, 6.30, 9.45)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: 2.0 2D (T- 11.00, 2.00, 5.00, 8.00, 11.00)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: ഒടിയൻ (M- 11.00, 2.00, 5.00, 8.00, 10.30)
■കാട്ടാക്കട ജയവിനായക (2290867) :: ■screen 1 - ആട് -2 (M- 11.00, 2.15, 6.15, 9.15) ■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Nowshow
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T-10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: 2.0 3D (T- 11.00, 2.30, 6.15, 9.30)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്താലുംമൂട് IMP :: ഒടിയൻ (M- 11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■സ്വരം - ഒടിയൻ (M- 5.00am, 8.15am, 11.15, 2.15pm, 5.45, 8.45, 11.45)
■ലയം - ഒടിയൻ (M- 5.00 am, 8.00, 11.00, 2.00pm, 6.00, 9.00, 11.50)

അച്ചടക്ക നടപടി പിൻവലിച്ചു

കുറ്റിച്ചൽ: കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിനിടെ കുറ്റിച്ചൽ ഷാജിക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ഡി.സി.സി പ്രസിഡന്റ് പിൻവലിച്ച് പാർട്ടിയിൽ തിരിച്ചെടുത്തതായി ബ്ലോക്ക് പ്രസിഡന്റ് സി.ആർ. ഉദയകുമാർ അറിയിച്ചു.

ഉത്തരംകോട് ഭാഗവത സപ്താഹ യജ്ഞം

പരുത്തിപ്പള്ളി: കുറ്റിച്ചൽ ഉത്തരംകോട് അമൃത സ്മൃതി യജ്ഞ നിർവഹണസമിതിയുടെ ആഭിമുഖ്യത്തിൽ 22 മുതൽ 29 വരെ ഭാഗവത സപ്താഹ യജ്ഞവും ലക്ഷാർച്ചനയും ഉത്തരംകോട്ട് നടക്കും. എല്ലാ ദിവസവും ഹോമം, ഭാഗവത പാരായണം വിശേഷാൽ പൂജകൾ പ്രഭാഷണം എന്നിവ ഉണ്ടാകും. 22ന് രാവിലെ 7 മുതൽ വൈകിട്ട് 5 മണിവരെ ലക്ഷാർച്ചന, 23 മുതൽ 29 വരെ എല്ലാദിവസവും രാവിലെ ഹരിനാമകീർത്തനം, വിഷ്ണു സഹസ്രനാമം, 6.30ന് ഗ്രന്ഥ നമസ്കാരം, ഭാഗവത പാരായണം, പ്രഭാഷണം, നാമജപം, പ്രസാദ വിതരണം വൈകിട്ട് 5ന് ലളിതാസഹസ്രനാമം, കവടിയാർ ജെ. സരസ്വതിദേവിയും സംഘവും നയിക്കുന്ന ഭജന എന്നിവ ഉണ്ടായിരിക്കുമെന്ന് ഭാഗവത സപ്താഹയജ്ഞ കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

ഇന്ന്

കണിയാപുരം കൈരളി വിദ്യാമന്ദിർ ഓഡിറ്റോറിയം: ദേവി കൈരളിയുടെ പുസ്തക പ്രകാശനം-4ന്

കോട്ടയ്ക്കകം ലെവി ഹാൾ: ഉത്രാടം തിരുനാളിന്റെ 5-ാം ചരമ വാർഷികാചരണം, ഉദ്ഘാടനം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായി-4ന്

ശ്രീകണ്ഠേശ്വരം ആർട്ടിസാൻസ് കോർപ്പറേറ്റീവ് സൊസൈറ്റി ഹാൾ: സംഗീതികയുടെ പ്രതിമാസ സംഗീത കൂട്ടായ്മ-5ന്

കോട്ടയ്ക്കകം മാർഗി നാട്യഗൃഹം: പി. രാമയ്യർ അനുസ്മരണം-5ന്

സ്റ്റാച്യു മൗര്യ രാജധാനി: അന്തർദേശീയ ഉത്പന്നങ്ങളുടെ പ്രദർശന വിപണന മേള-9 മുതൽ

വൈലോപ്പിള്ളി സംസ്കൃതി ഭവൻ: ഡോ. രാജശ്രീ വാര്യരുടെ ഭരതനാട്യം- 7ന്

കോട്ടയ്ക്കകം അഭേദാശ്രമം: സി.ജി. രാമചന്ദ്രക്കുറുപ്പിന്റെ ഗീതാ ക്ലാസ്-4ന്

തോന്നയ്ക്കൽ കുടവൂർ ശ്രീ മഹാദേവർ ക്ഷേത്രം: തിരുവാതിര മഹോത്സവം

അദ്ധ്യാപകഭവൻ ഹാൾ: ദില ട്രസ്റ്റിന്റെ ജസ്റ്റിസ് കൃഷ്ണയ്യർ പുരസ്കാരദാനം, കേശവാനന്ദ ഭാരതിക്ക് ഗവർണർ പി. സദാശിവം നൽകുന്നു -1.30ന്.

KERALA KAUMUDI Classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

വില്പനയ്ക്ക്

കല്ലയം നിർമ്മാല്യം ലെയ്ൻ റോഡരുകിൽ 3½ സെന്റ് വീതം 2 പ്ലോട്ടുകൾ.
9446005312, 8111965551.

അവനവഞ്ചേരി ടോൾമുക്ക് മെയിൻ റോഡിൽ നിന്ന് 300 മീറ്റർ 7 സെന്റ്.
9846632944

തിരുവനന്തപുരം ആനയറ പമ്പ് ഹൗസിന് സമീപം 6½ സെന്റ് സ്ഥലം വില്പനയ്ക്ക്.
Ph: 9946838926, 9020149822.

ചെമ്പഴന്തി അണിയൂർ സഹകരണ ബാങ്കിന് പിന്നിലായി 25 സെന്റ് ഭൂമി ഒന്നിച്ചോ പ്ലോട്ടുകളായോ.
Phone : 8891529068, 9645412331.

ബാലരാമപുരം വഴിമുക്കിന് സമീപം കല്ലുംമൂട്ടിൽ റോഡ് സൈഡ് 13.250 സെന്റ്.
8921528067

വഴയില വസ്തു വില്പനയ്ക്ക്

വഴയില-കരകുളം റോഡിൽ മുതുവൻകോട് ക്ഷേത്രത്തിനു സമീപം മെയിൻ റോഡിൽ നിന്ന് 200 മീറ്ററകലെ 4¼ സെന്റ് സ്ഥലം വില്പനയ്ക്ക്.
9037183745, 9744704787

കൈതമുക്ക് പാസ്പോർട്ട് ഓഫീസിന് സമീപം തേങ്ങാപ്പുര ലെയ്ൻ ശ്രീഭദ്രാ ഗാർഡൻസിൽ 2 BHK Flat വില്പനയ്ക്ക്/ ഒറ്റിക്ക്.
9447243292

വർക്കല വിളബ്ഭാഗം ജംഗ്ഷനിൽ വീടും പുരയിടവും വില്പനയ്ക്ക്.
9645605118

ചാക്ക ITI-യ്ക്കും കെ.എസ്.ഇ.ബിയ്ക്കും ഇടയിൽ 2 സെന്റിൽ ടെറസ് വീട് വില്പനയ്ക്ക്.
9072414308

തിരുവനന്തപുരത്ത് കിള്ളിപ്പാലം ജംഗ്ഷനിൽ നിന്ന് അട്ടകുളങ്ങര ബൈപാസ്സ് തുടക്കത്തിൽ ഒരു മുറി കട കൊടുക്കാനുണ്ട്.
8943237346, 9633373812.

സ്ഥലം ഉടൻ വില്പനയ്ക്ക്

പരവൂർ - പാരിപ്പള്ളി റോഡിൽ പുത്തൻകുളം ജംഗ്ഷന് സമീപം 28 cent വില്പനയ്ക്ക്.
9846338949

ഇലവുംതിട്ട ജംഗ്ഷനു സമീപം 20 സെന്റ് ടാർ റോഡ് ഫ്രണ്ടേജ് വസ്തു വില്പനയ്ക്ക്.
7025708350

ആവശ്യമുണ്ട്

ട്രക്ക് ലൈസൻസുള്ള JCB 30 ഡ്രൈവർ. വർക്കല ഏരിയ.
9995152078

സ്റ്റാഫിനെ ആവശ്യമുണ്ട്

DTP & PHOTOCOPY,
Time : 8.30 a.m - 5.30 p.m., 3.00 p.m. - 10.00 p.m
Medical College, 9744156523

ഫിനാൻസ് ആവശ്യമുണ്ട്

ചെക്കിന്റെയും പ്രോമിസറി നോട്ടിന്റെയും ജാമ്യത്തിൽ Rs. 50,000/- ആവശ്യമുണ്ട്.
Contact : 9895007661

വൃക്ക ആവശ്യമുണ്ട്

O+ve ഗ്രൂപ്പിലെ വൃക്ക എന്റെ സഹോദരിക്കുവേണ്ടി ആവശ്യമുണ്ട്.
Mobile : 9447652895

ആവശ്യമുണ്ട്

ജൂട്ട്/കയർ ഫാക്ടറിയിലേക്ക് സൂപ്പർവൈസറെ ആവശ്യമുണ്ട്. കയർ ബോർഡ് ട്രെയിനിംഗ് പ്രവൃത്തി പരിചയമുള്ളവർക്കും മുൻഗണന.
9744200944

രണ്ടംഗ കുടുംബത്തിലേയ്ക്ക് വീട്ടുജോലിയ്ക്ക് സ്ത്രീയെ ആവശ്യമുണ്ട്. 13000/-. 9745537183. കുവൈറ്റ് ഹൗസ് ഡ്രൈവർ Gulf Lice. ഹൗസ് മേഡ്, ഹോം നഴ്സ്, ബേബികെയർ, ക്ലീനിംഗ്, കാർപെന്റർ, ഹെൽപ്പർ. 9946790686

വാടകയ്ക്ക്

ചിറയിൻകീഴ് മുടപുരം ശിവകൃഷ്ണ ക്ഷേത്രത്തിനു സമീപം 3 bedroom, 2 drawing hall, 2 kitchen, sitout, carporch എന്നിവയുള്ള വീട്.
8129517892

3 BHK house, Car Porch at Karumom, Rent Rs. 11,000/-.
Contact : 9447152418, 0471 - 2743656.

വീട് വാടകയ്ക്ക്

വർക്കല ടൗണിന് സമീപം മെയിൻ റോഡിൽ വീട് വാടകയ്ക്ക് നല്കും.
9567231905

ബിസിനസ്സ്

തിരുവനന്തപുരത്ത് 30 വർഷമായ ബിസിനസ്സിന് 1 മുതൽ 10 ലക്ഷം വരെ മുടക്കി 20,000 മുതൽ 2 ലക്ഷം വരെ വാർഷിക ലാഭവിഹിതം നേടാം.
8921581867

Land For Sale

തിരുവനന്തപുരം ജില്ലയിൽ ആലങ്കോട് പള്ളിക്ക് സമീപം മൂൺ സ്റ്റാർ ലൈനിൽ 30 സെന്റ് സ്ഥലം മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക് ലഭ്യമാണ്. ബന്ധപ്പെടുക :
0091 9400623071, 050 5712775, 050 7818269

ചികിത്സ

ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569

തിരുപ്പതി

ഓച്ചിറയിൽ നിന്നും തുടങ്ങുന്നു
തിരുപ്പതി, രാമേശ്വരം
9746477461
8547874824

തിരുപ്പതി

വെള്ളിയാഴ്ചകളിൽ തിരുപ്പതി, കാളഹസ്തി, തിരുവണ്ണാമലൈ ദർശനം, A/C ബസ് ചിലവടക്കം 3900/-
മഹാറാണി
9446064324

FLAT FOR SALE

Near Technopark and Infosys. 3 Bedroom Flat. ₹ 35 Lakhs.
Contact No. 9947003149, 9995977207, 9061677207.

WANTED

ആറ്റിങ്ങൽ, നെടുമങ്ങാട്, തിരുവനന്തപുരം, കല്ലമ്പലം, കൊല്ലം എന്നിവിടങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക്
Computer Teacher (F) (Quali: PGDCA/MCA/MSc. CS/IT)
Tally Teacher (F)
Animation Teacher (M/F)
Academic Co-ordinator (M/F) (Retired ആയവർക്കും അപേക്ഷിക്കാം)
Accountant (M/F)
usoft.co.inൽ രജിസ്റ്റർ ചെയ്യുക
Ph: 7994449311

നഷ്ടപ്പെട്ടു

എന്റെ കൈവശത്തിൽ ഇരുന്നതും എന്റെ വകയുമായ 232/1970-ാം നമ്പർ മുൻ ധനനിശ്ചയ ആധാരം തിരിച്ചുകിട്ടാത്തവിധം കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്ര ചെയ്യവേ നഷ്ടപ്പെട്ടുപോയി. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിലോ ഫോൺ നമ്പരിലോ അറിയിക്കുക.
ജയകുമാരി. വി, D/o വസന്ത.എം, ജയാ ഭവൻ, പാറപ്പൊറ്റ, മുളയംകോട്, കാട്ടാക്കട പി.ഒ, മൊ. 7034106346.

CHANGE OF NAME

I, Saliha Siyadh Thangal, S/o AbdulBari Thangal holder of Indian Passport No. H3592904 do hereby change my name to Siyad Thangal.A according to my Aadhar. No.5087 48462507.

ആവശ്യമുണ്ട്

പ്രമുഖ ധനകാര്യ സ്ഥാപനത്തിന്റെ തിരുവനന്തപുരം ഓഫീസിലേയ്ക്ക് ആവശ്യമുണ്ട്
BUSINESS MANAGER
PERSONAL FINANCE ADVISOR
Qualification: 10th and above
Age: 30 to 65
Salary: 4000 to 40,000
Freshers can also apply
Con: 8304904065

നഷ്ടപ്പെട്ടു

എന്റെ KL 01 BQ 6780-ാം നമ്പർ ടൂവീലറിന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് ബുക്ക് എടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 15 ദിവസത്തിനകം തിരുവനന്തപുരം ആർ.ടി ഓഫീസിൽ ബോധിപ്പിക്കേണ്ടതാണ്.
ശോഭ വിജയൻ, മാധവപുരം, വേളി, തിരുവനന്തപുരം.

നഷ്ടപ്പെട്ടു

KL 22 G 4256-ാം നമ്പർ ബൈക്കിന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് ബുക്ക് എടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 15 ദിവസത്തിനകം തിരുവനന്തപുരം ആർ.ടി ഓഫീസിൽ ബോധിപ്പിക്കേണ്ടതാണ്.
Arjun. S.A, Poovachal, TVM.